"ഭരണഭാഷ മാതൃഭാഷ"

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം -14**

**വിഷയം - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്-** ജീവനക്കാര്യം- ശ്രീ. രമേശൻ കലശക്കാരനെ അഴിക്കോട് ഡിസ്പെൻസറിയിൽ നിന്നും ചെറുവണ്ണൂർ ഡിസ്പെൻസറിയിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നതു - സംബന്ധിച്ച്

**പരാമർശം** - 1) നം. ഇ1-4886/2015/ആർ.ഡി.ഡി (ഉത്തരമേഖല) തീയതി 20/01/2016.
2) 20/08/2015-ലെ ഈ ഓഫീസിലെ ഇതേ നമ്പരായിട്ടുള്ള ഉത്തരവ്.

**ഉത്തരവ് നമ്പർ E4-14868/2015/ഡി.ഐ.എം.എസ് തീയതി,28/01/2016**

വളപട്ടണം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റായിരുന്ന ശ്രീ. രമേശൻ കലശക്കാരനെ അഴിക്കോട് ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിലവിലുണ്ടായിരുന്ന പ്രസവാവധി ഒഴിവിൽ സൂചന (2) പ്രകാരം നിയമിച്ചിട്ടുണ്ടായിരുന്നു. മെറ്റേർണിറ്റി ലീവിലുള്ള ഫാർമസിസ്റ്റ് തിരികെ ജോലിയിൽ പ്രവേശിക്കുന്ന മുറക്ക് ടിയാന് സ്ഥലം മാറ്റം നൽകുന്നതാണെന്ന് ഉത്തരവായിട്ടുള്ളതും ആണ്. പ്രസവാവധിയിൽ പ്രവേശിച്ചിരുന്ന ഫാർമസിസ്റ്റ് 28/01/2016 –ന് തിരികെ പ്രവേശിക്കുമെന്ന് സൂചന ('1') പ്രകാരം കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ശ്രീ. രമേശൻ കലശക്കാരനെ ചെറുവണ്ണൂർ ഡിസ്പെൻസറിയിലേയ്ക്ക് സ്ഥലം മാറ്റം നൽകി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. കോഴിക്കോട് ജില്ലാ പി.എസ്.സി-യിൽ നിന്ന് പുതിയ ഫാർമസിസ്റ്റ് ഉദ്യോഗാർത്ഥിയെ ശുപാർശ ചെയ്ത് നിയമിക്കുന്ന മുറയ്ക്ക് ടിയാന് സ്ഥലം മാറ്റം നൽകുന്നതാണ്. ശ്രീ. രമേശൻ കലശക്കാരന്റെ പെരുമാറ്റം സംബന്ധിച്ചും പ്രവർത്തന രീതി സംബന്ധിച്ചും ഉള്ള റിപ്പോർട്ട് ഓരോ മാസവും ഉചിത മാർഗ്ഗേന സ്ഥാപന മേധാവി ഈ ഓഫിസിൽ അറിയിക്കേണ്ടതാണ്. ടിയാനെ ഉടൻ തന്നെ റിലീവ് ചെയ്യേണ്ടതും റിലീവ് ചെയ്യുന്ന തീയതിയും പുതിയ സ്ഥലത്ത് ജോലിയിൽ പ്രവേശിക്കുന്ന തീയതിയും യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
**ഡോ. എം. ബീനത്ത്**
**ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്**

സ്വീകർത്താവ്
ശ്രീ. രമേശൻ കലശക്കാരൻ
(ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, അഴിക്കോട് മുഖാന്തിരം

പകർപ്പ്
1. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, അഴിക്കോട്/ചെറുവണ്ണൂർ
2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, , നോർത്ത് സോൺ, കോഴിക്കോട്.
3. ഡി3 സെക്ഷൻ.
4. ഫയൽ/സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

ജി.എസ്/-